**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2466** **21-01-2021 - ൽ മറുപടിയ്ക്ക്**

**അന്തർദേശീയ സ്പോർട്സ് മത്സരങ്ങൾക്കുള്ള സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ.കെ .എൻ .എ. ഖാദർ ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ.പി. കെ. ബഷീർ** | | **Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അന്തർദേശീയ സ്പോർട്സ് മത്സരങ്ങൾ നടത്താൻ മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് അന്തർദേശീയ സ്പോർട്സ് മത്സരങ്ങൾ നടത്തുന്നതിനായി നിരവധി സ്റ്റേഡിയങ്ങളുണ്ട്. . ആയതിൽ തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്തർദേശീയ നിലവാരത്തിലുള്ള ഫുട്ബോൾ, ക്രിക്കറ്റ് മത്സരങ്ങൾ നടത്തുന്നുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം കിഫ്ബിയുടെ ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 57 സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ 14 ജില്ലാ സ്റ്റേഡിയങ്ങളും അന്താരാഷ്ട്ര നിലവാരത്തിലുള്ള വിവിധോദ്ദേശ ഇൻഡോർ സ്റ്റേഡിയങ്ങളായാണ് നിർമ്മിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിനായി കായിക വകുപ്പ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 2027-ൽ കേരളത്തിൽ വച്ച് നടത്താൻ ഉദ്ദേശിക്കുന്ന ഏഷ്യൻ കപ്പ് ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കുന്ന കായികതാരങ്ങളുടെ പരിശീലന ഗ്രൗണ്ടായി ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയവും, പനമ്പിള്ളി നഗർ സ്റ്റേഡിയവും തെരഞ്ഞെടുക്കുകയും ആയതിനു വേണ്ടിയുള്ള കരാറിൽ ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനത്ത് അന്തർദേശീയ സ്പോർട്സ് മത്സരങ്ങൾ നടത്തുന്നതിനായി നിരവധി സ്റ്റേഡിയങ്ങളുണ്ട്. . ആയതിൽ തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്തർദേശീയ നിലവാരത്തിലുള്ള ഫുട്ബോൾ, ക്രിക്കറ്റ് മത്സരങ്ങൾ നടത്തുന്നുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം കിഫ്ബിയുടെ ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 57 സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ 14 ജില്ലാ സ്റ്റേഡിയങ്ങളും അന്താരാഷ്ട്ര നിലവാരത്തിലുള്ള വിവിധോദ്ദേശ |

| | | | |
|---|---|---|---|
| | | | ഇൻഡോർ സ്റ്റേഡിയങ്ങളായാണ് നിർമ്മിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിനായി കായിക വകുപ്പ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 2027-ൽ കേരളത്തിൽ വച്ച് നടത്താൻ ഉദ്ദേശിക്കുന്ന ഏഷ്യൻ കപ്പ് ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കുന്ന കായികതാരങ്ങളുടെ പരിശീലന ഗ്രൗണ്ടായി ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയവും, പനമ്പിള്ളി നഗർ സ്റ്റേഡിയവും തെരഞ്ഞെടുക്കുകയും ആയതിനു വേണ്ടിയുള്ള കരാറിൽ ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ